# സംഗ്രഹം

1. കോട്ടയം ജില്ലയുടെ തീരദേശ നിയന്ത്രണ മേഖല സംബന്ധിച്ച ഭൂപടം തയ്യാറാക്കിയിരിക്കുന്നത് 1:25000 സ്കെയിലിൽ 7 ഷീറ്റുകളിലായി KL 22, 24, 25, 27, 28, 29, 30 എന്നീ നമ്പരുകളിൽ ഉൾപ്പെടുത്തിയാണ്.
2. 6 ഗ്രാമ പഞ്ചായത്തുകളും (ചെമ്പ്, മറവൻതുരുത്ത്, ഉദയനാപുരം, ടി വി പുരം, തലയാഴം, വെച്ചൂർ), വൈക്കം മുനിസിപ്പാലിറ്റിയും തീരദേശ നിയന്ത്രണ മേഖലയുടെ പരിധിയിൽ വരുന്നു.
3. കോട്ടയം ജില്ലയിലെ തീരദേശ നിയന്ത്രണ മേഖലകൾ CRZ IA, CRZ IB (ITZ/Pokkali), CRZ II, CRZ IIIB, CRZ IVB എന്നിവ ഉൾപ്പെട്ടതാണ്.
4. CRZ III മേഖലയെ രണ്ടായി തരം തിരിച്ചിട്ടുണ്ട്. 1. CRZ IIIA യും 2. CRZ IIIB യും

## സി. ആർ. ഇസഡ് IIIA സി. ആർ. ഇസഡ് IIIB

2011 ലെ ജനസംഖ്യ സാന്ദ്രത കണക്കിലെടുത്ത് ഒരു ചതുരശ്ര കിലോമീറ്ററിൽ 2161 പേരോ അതിൽകൂടുതലോ ഉള്ള പ്രദേശങ്ങളെ സി. ആർ. ഇസഡ് IIIA എന്ന വിഭാഗത്തിലും അതിൽ കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങളെ സി. ആർ. ഇസഡ് IIIB വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. കായലുകൾക്ക് പുഴയുടേയോ തോടിന്റെയോ വീതി ഇല്ലെങ്കിലും അവയുടെ കരഭാഗത്തെ വികസന നിഷിദ്ധ മേഖല 2011 ലെ വിജ്ഞാപനത്തിൽ 100 മീറ്ററായിരുന്നത് 2019 ലെ വിജ്ഞാപനത്തിൽ 50 മീറ്ററായി മാറ്റിയിട്ടുണ്ട്. കൂടാതെ കായൽ ദ്വീപുകളെ സംബന്ധിച്ച് 2011 ലെ വിജ്ഞാപനത്തിൽ വികസന നിഷിദ്ധ മേഖല 50 മീറ്ററായിരുന്നത് 2019 ലെ വിജ്ഞാപനപ്രകാരം 20 മീറ്ററാക്കുകയും CRZ IIIA യിൽ 2011 ലെ വിജ്ഞാപനപ്രകാരം വികസന നിഷിദ്ധ മേഖല 200 മീറ്ററായിരുന്നത് 2019 ലെ വിജ്ഞാപനപ്രകാരം 50 മീറ്ററായി ഇളവ് ചെയ്തിട്ടുണ്ട്.

1. സർക്കാർ ഭൂമിയിലെ 1000 ചതുരശ്ര മീറ്റർ മാത്രം വിസ്തീർണ്ണമുള്ള കണ്ടൽ കാടുകൾക്ക് ചുറ്റുമായി 50 മീറ്റർ ബഫർ മേഖലയായിരിക്കും. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്തിട്ടുണ്ട്.

2. തീരദേശ നിയന്ത്രണ മേഖലയുടെ പരിധിയിൽ വരുന്ന ഉൾനാടൻ ജലാശയങ്ങളുടെ വേലിയേറ്റ രേഖയുടെ ആകെ നീളം 89.34 കി.മീറ്റർ ആണ്.
3. ആകെ കണ്ടൽകാടുകളുടെ വിസ്തീർണ്ണം 0.046825 (0.008873 + 0.037952) ചതുരശ്ര കി. മീ ആണ് -ബഫർ സോൺ ഉൾപ്പെടെ.
4. CRZ IB (ഇന്റർ റൈറ്റഡൽ-സോൺ) മേഖലയുടെ ആകെ വിസ്തീർണ്ണം 0.889214 ചതുരശ്ര കി. മീ ആണ്.
5. CRZ IB (ഇന്റർ റൈറ്റഡൽ-സോൺ) പൊക്കാളി മേഖലയുടെ ആകെ വിസ്തീർണ്ണം 0.025266 ചതുരശ്ര കി. മീ ആണ്.
6. CRZ II- ൽ ഉൾപ്പെടുന്ന കരപ്രദേശങ്ങളുടെ ആകെ വിസ്തീർണ്ണം 0.21645 ചതുരശ്ര കി. മീ ആണ്.
7. കടൽത്തീരത്തോട് ചേർന്ന് കിടക്കുന്ന (CRZ III) വികസന നിയന്ത്രണ മേഖല (NDZ)യുടെ ആകെ വിസ്തീർണ്ണം 3.112786 ചതുരശ്ര കി. മീ ആണ്.
8. CRZ IVB മേഖലയുടെ ആകെ വിസ്തീർണ്ണം 19.137097 ചതുരശ്ര കി. മീ ആണ്.